കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗര സഭയിൽ പഴയ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണിക്കായി പൂട്ടിയിട്ടിരുന്ന കാലയളവിൽ കരാറുകാരനായ ശ്രീ. അഷ്റഫ്.എൻ എന്നവർക്ക് നഷ്ടം വന്ന തുകയായ 1,02,448/- രൂപയ്ക്ക് (ഒരു ലക്ഷത്തി രണ്ടായിരത്തി നാനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) കിസ്റ്റ് ഇളവ് അനുവദിക്കുന്നതിന് കണ്ണൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ)നം. 2203/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 06/11/2021

പരാമർശം:- 1) കരാറുകാരനായ ശ്രീ. അഷറഫ്.എൻ എന്നവർ സമർപ്പിച്ച 10/11/2017 തീയതിയിലെ അപേക്ഷ.

2) കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 02/03/2019 തീയതിയിലെ 9-ാം നമ്പർ തീരുമാനം.

3) നഗരകാര്യ ഡയറക്ടറുടെ 17/06/2019 തീയതിയിലെ G3-9903/2019 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ നഗരസഭയിൽ പഴയ ബസ്സ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണിയ്ക്കായി 12/05/2017 മുതൽ 10/10/2017 വരെ പൂട്ടിയിട്ടിട്ടുള്ളതും, പ്രസ്തുത കംഫർട്ട് സ്റ്റേഷൻ 2,46,000/-രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ള കരാറുകാരൻ ശ്രീ. അഷ്റഫ്. എൻ എന്നവർ കംഫർട്ട് സ്റ്റേഷൻ പൂട്ടിയിട്ടിരുന്ന 152 ദിവസ കാലയളവിലെ ലൈസൻസ് ഫീസ് ഒഴിവാക്കി നൽകണമെന്ന് പരാമർശം(1) പ്രകാരം കണ്ണൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭ കൗൺസിൽ സർക്കാർ അനുമതിയ്ക്കു വിധേയമായി കിസ്റ്റ് ഇളവ് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിട്ടുള്ളതുമാണ്. ടി തീരുമാനസഹിതം നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (3)പ്രകാരം സർക്കാർ അനുമതിക്കായി ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയിൽ പഴയ ബസ്സ് സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണിക്കായി പൂട്ടിയിട്ട 12/05/2017 മുതൽ 10/10/2017 വരെയുള്ള 152 ദിവസ കാലയളവിൽ കരാറുകാരന് (ശ്രീ.അഷ്റഫ്. എൻ) നഷ്ടം വന്ന തുകയായ 1,02,448/- രൂപ (ഒരു ലക്ഷത്തി രണ്ടായിരത്തി നാനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) കിസ്റ്റ് ഇളവ്

അനുവദിയ്ക്കാൻ, 1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം കണ്ണൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റെജീന. ആർ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/269/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ